## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 548 — 10.06.2014 ലെ മറുപടിയ്ക്ക്

### കാരുണ്യ ഹോമുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. ലൂഡി ലൂയിസ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കാരുണ്യ ചികിത്സാ സഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഹോമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യാ ഹോമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത ഹോമുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഹോമുകളുടെ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ രൂപീകരിച്ചുവരുന്നു. |
| (സി) രോഗികളുടെ കൂട്ടിരിപ്പുകാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് കാരുണ്യഹോം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ലഭ്യമാകുന്ന സ്ഥല സൗകര്യമനുസരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. |
| (ഡി) കാരുണ്യ ഹോമുകൾക്കായുള്ള സ്ഥലം എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | കാരുണ്യഹോമുകൾക്ക് ആവശ്യമായ സ്ഥലം അനുവദിച്ചു നൽകുന്ന മെഡിക്കൽ കോളജുകളോടനുബന്ധിച്ചാണ് പ്രസ്തുത പദ്ധതി പ്രകാരം കാരുണ്യ ഹോമുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.